ക്കാനും വേണ്ടതൊക്കെ ചെയ്തിട്ടുണ്ട്. പരാതിയുള്ള നേഴ്സുമാരിൽ ഒരാളെ സസ്പെൻഡ് ചെയ്തു, മറ്റാളുകളുടെ പേരിൽ നടപടിയെടുക്കാൻ ഡയറക്ടർക്ക് ഗവൺമെന്റ് നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം ചെയ്തുകഴിഞ്ഞിട്ടുള്ളതാണ്.

സ്വകാര്യ ആയുർവേദ കോളേജ്

*2 (2) ശ്രീ. കെ. പുരുഷോത്തമൻ:
,, സി. ടി. കൃഷ്ണൻ:
,, കെ. മുസ്സക്കുട്ടി:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, ടി. കെ. ആറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ ആയുർവേദ കോളേജ് നടത്താൻ ഈ സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ്;

(സി) ഷൊർണ്ണൂർ ആയുർവേദ സമാജത്തിന് ബി. എ. എം.എസ്. കോഴ്സ് തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): (എ) ഉണ്ട്.

(ബി) മുപ്പതു കൊല്ലത്തിലേറെക്കാലമായി ആയുർവേദ വിദ്യാഭ്യാസം നടത്തിവന്നിരുന്ന ഷൊർണ്ണൂർ കേന്ദ്രീയ ആയുർവേദ സമാജം കോളേജ്, ഡിപ്ലോമാ കോഴ്സ് നിർത്തലാക്കിയതിനെ തുടർന്ന് പ്രവർത്തനരഹിതമായിരിക്കുകയും ഡിഗ്രി കോഴ്സ് ആരംഭിക്കാനുള്ള അനുവാദത്തിന് അപേക്ഷിക്കുകയും ചെയ്തു. കോഴിക്കോട് സർവ്വകലാശാലയിലെ പരിശോധനാകമ്മീഷന്റെ ശുപാർശ അനുസരിച്ച് സിൻഡിക്കേറ്റ് അംഗീകാരം നൽകിയതിനാലാണ് 1985-86 അദ്ധ്യയനവർഷം മുതൽ ബി. എ. എം. എസ്. ഡിഗ്രി കോഴ്സ് ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയത്.

(സി) ഉണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ: ഷൊർണ്ണൂർ ആയുർവേദകോളേജ് പൂട്ടിക്കിടക്കുന്ന സമയത്ത് അതിന്റെ ഡയറക്ടർ ബോർഡ് ഈ സ്ഥാപനം ഗവൺമെന്റിലേക്ക് സറണ്ടർ ചെയ്യാൻ തയ്യാറാണെന്നും അത് ഗവൺമെന്റ് ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസ്സാക്കി അയച്ചതായി വിവരം ഉണ്ടോ; ഈ പ്രമേയം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പേരിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെയൊരു റിപ്രസെന്റേഷൻ കിട്ടിയതായിട്ട് ഇവിടെ കണ്ടില്ല. അന്വേഷിച്ചിട്ട് പറയാം.

ശ്രീ. സി.ടി. കൃഷ്ണൻ: ഇത്തരം കോളേജുകളിൽ അഡ്മിഷന് പതിനായിരക്കണക്കിന് രൂപ വാങ്ങുന്നുണ്ടെന്ന ആക്ഷേപം പരക്കെ പൊന്തി വന്നിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിൻമേൽ ഗവൺമെന്റിനുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ; അത്തരം ആക്ഷേപങ്ങൾ ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ഇപ്പോഴത്തന്നെ അവിടെ സെലക്ഷൻ നടത്തുന്നത് മെരിറ്റിന്റെ അടിസ്ഥാനത്തിലാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം. മാനേജുമെന്റിന് കൊടുത്തിട്ടുള്ളത് 15 ശതമാനമാണെന്നാണ് എന്റെ ഓർമ്മ.

ശ്രീ. കെ. മൂസ്സക്കുട്ടി: കോഴിക്കോട് സർവ്വകലാശാലയുടെ ശുപാർശ അനുസരിച്ചാണ് സ്വകാര്യ മേഖലയിൽ ആയുർവേദ കോളേജ് തുടങ്ങുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിച്ചതെന്നു പറഞ്ഞു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ പൊതുവായ നയം എന്താണ്; ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ അഭിപ്രായത്തോട് എന്താണ് ഗവൺമെന്റിന്റെ സമീപനം എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: സിൻഡിക്കേറ്റ് ശുപാർശ ചെയ്യുന്നതനുസരിച്ച് സാമ്പത്തികമായ സൗകര്യങ്ങളുണ്ടെങ്കിൽ ഗവൺമെന്റ് അനുവദിക്കാം.

ശ്രീ. കെ. മൂസ്സക്കുട്ടി: അങ്ങനെയാണെങ്കിൽ ഈ രാജ്യത്ത് പാരമ്പര്യ വൈദ്യൻമാർ സ്വകാര്യ മേഖലയിൽ നിരവധി നേഴ്സിംഗ് ഹോമുകളും നടത്തുന്നുണ്ട്. അവർക്ക് എന്തെങ്കിലും സഹായം നൽകത്തക്കവിധത്തിൽ, അതായത് മാറ് ആളുകൾക്ക് പഠിക്കാനും പഠിപ്പിക്കാനും സൗകര്യമുള്ള തരത്തിൽ ഗവൺമെന്റ് അനുകൂലമായ വല്ല തീരുമാനവും എടുക്കുമോ?

ശ്രീ. കെ.കരുണാകരൻ: അതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. പഴയ കാലം മുതൽ ആയുർവേദ വൈദ്യൻമാരുടെ കൂടെ ഇരുന്ന് ആളുകൾ വൈദ്യം പഠിക്കാറുണ്ട്. വൈദ്യം പഠിച്ച് പരിശീലനം സമ്പാദിച്ച് അതിനാവശ്യമായ സർട്ടിഫിക്കറും സമ്പാദിച്ച് നേഴ്സിംഗ് ഹോമുകൾ നടത്താറുണ്ട്. ഗവൺമെന്റ് അതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തണമെന്ന് ഇപ്പോൾ ആഗ്രഹിക്കുന്നില്ല.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: ഇന്ന് ഗവൺമെന്റിന്റെ ചുമതലയിൽത്തന്നെ നടത്തുന്ന ആയുർവേദ കോളേജുകളിൽ വിദ്യാർത്ഥികളുടെ പഠനസൗകര്യം വളരെ പരിമിതവും ചികിൽസാ സൗകര്യങ്ങൾ വളരെ പരിമിതവുമാണെന്നിരിക്കെ എന്തുകൊണ്ടാണ് സ്വകാര്യ മേഖലയിൽ ഇത്തരത്തിൽ കോളേജുകൾ അനുവദിക്കാൻ ഗവൺമെന്റ് തയ്യാറായത്?

ശ്രീ. കെ. കരുണാകരൻ: അവിടെയുള്ള പരിമിതിയിൽ ഒരു കോളേജ് അനുവദിക്കേണ്ടത് ആവശ്യമാണെന്നതാണ് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമായിട്ട് വരുന്നത്. കാരണം, അവിടെ സൗകര്യം പോരാ. ഗവൺമെന്റ് കോളേജുകളുടെ സൗകര്യം വർദ്ധിപ്പിക്കണം അതുകൊണ്ട് മറ്റ് കോളേജുകൾ അനുവദിക്കാൻ പാടില്ലെന്നുള്ള നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: ഇത്തരത്തിൽ പ്രൈവറ്റ് മേഖലയിൽ ആയുർവേദ കോളേജുകൾ അനുവദിക്കാൻ പാടില്ലെന്നാവശ്യപ്പെട്ടുകൊണ്ട് ആയുർവേദ കോളേജിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് പ്രക്ഷോഭണം നടത്തിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതിന്റെ പേരിൽ ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കണം അതിലെ വ്യവസ്ഥകളും എന്തെല്ലാമായിരിക്കണമെന്നുള്ളതും ഏതായാലും തല്ക്കാലം വിദ്യാർത്ഥികളെ ഏൽപ്പിച്ചിട്ടില്ല. അത് ഗവൺമെന്റ് തന്നെ തീരുമാനിക്കുന്ന കാര്യമാണ്.

ശ്രീ. ബെന്നിബഹനാൻ: മെഡിക്കൽ വിദ്യാഭ്യാസം സ്വകാര്യ മേഖലയിൽ തുടങ്ങുകയില്ലെന്ന ഈ ഗവൺമെന്റിന്റെ പ്രഖ്യാപനത്തിനെതിരായിട്ടല്ലേ ഷൊർണ്ണൂരിൽ ആയുർവേദ കോളേജിന് അംഗീകാരം കൊടുത്തിരിക്കുന്നത്; അങ്ങനെയാണെങ്കിൽ അത് പിൻവലിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: അംഗീകാരം കൊടുക്കുകയില്ലെന്നുള്ള ഒരു പ്രഖ്യാപനം ഇല്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: വിദ്യാർത്ഥികളല്ല വിദ്യാഭ്യാസത്തിന്റെ കാര്യം തീരുമാനിക്കേണ്ടതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. കണ്ണ് ചികിൽസയ്ക്ക് പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സ് തുടങ്ങുന്നതിന് ലിറ്ററിൽ ഫ്ളവർ ആശുപത്രിക്ക് ഗവൺമെന്റ് അനുവാദം കൊടുത്തു. വിദ്യാർത്ഥികളും പ്രൊവിഷണലിസ്റ്റുംകൂടി സമരരംഗത്ത് വന്നപ്പോൾ കൊടുത്ത അനുവാദം ഗവൺമെന്റുതന്നെ പിൻവലിച്ചു. ജീവിതത്തെ പന്താടുന്നവരാണ് ഡോക്ടർമാരും ആയുർവേദ വൈദ്യൻമാരുമെല്ലാം. അതുകൊണ്ട് ചികിൽസാ മേഖലയിലെങ്കിലും നല്ലൊരു സ്റ്റാൻഡേർഡ് നിലനിർത്താൻ ഇഷ്ടംപോലെ സ്വകാര്യ മേഖലയിൽ ഇങ്ങനെ ആയുർവേദ കോളേജുകളും മറ്റും അനുവദിക്കുന്ന നയത്തിൽനിന്നും ഗവൺമെന്റ് പിൻമാറുമോ?

ശ്രീ. കെ. കരുണാകരൻ: ലിറ്ററിൽ ഫ്ളവർ ആശുപത്രിക്ക് പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന് അനുവാദം കൊടുത്തു, പിൻവലിച്ചു എന്നു പറഞ്ഞു. ഇത് രണ്ടും തെറ്റാണ്. അനുവാദം കൊടുത്തിരുന്നില്ല. ഗവൺമെന്റ് ഭാഗത്തുനിന്നും ഇതിനു മറുപടി പറഞ്ഞതാണ്. യൂണിവേഴ്സിറ്റി അഭിപ്രായം ചോദിച്ചപ്പോഴും തീർച്ചയായും ഗവൺമെന്റിന് ഇതിൽ യാതൊരു ഒബ്ജക്ഷനും ഇല്ലെന്നാണ് പറഞ്ഞിട്ടുള്ളത്. ഗവൺമെന്റ് അനുവാദം കൊടുക്കുകയോ പിൻവലിക്കുകയോ ചെയ്ത സ്ഥിതി ഉണ്ടായിട്ടില്ല.

ശ്രീ. ഇ. ജെ. ലൂക്കോസ്: ഗവൺമെന്റ് ഉടമയിൽ കൂടുതലായി ആയുർവേദ കോളേജുകളും ഉംപ്പെടെയുള്ള സ്ഥാപനങ്ങളും നടത്താൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ സ്വകാര്യ മേഖലയിൽ കൂടുതലായി ആയുർവേദ കോളേജുകളും മറ്റും ഷൊർണ്ണൂരിൽ കൊടുത്തതുപോലെ മറ്റ് പ്രദേശങ്ങളിലും കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഓരോ അപേക്ഷയുടേയും ഗുണദോഷങ്ങളും പരിശോധിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: ആയുർവേദ കോളേജുകളിൽ അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട കോഴ്സുകളും ഡിപ്പാർട്ടുമെന്റുകളും പ്രൊഫസർമാരും ഇല്ല എന്ന ആക്ഷേപം ഉന്നയിച്ചുകൊണ്ട് പലവട്ടം സർക്കാരിനും വിദ്യാർത്ഥികളും നിവേദനം സമർപ്പിക്കുകയും അതേത്തുടർന്ന് പ്രക്ഷോഭണം നടത്തുകയും ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വിദ്യാർത്ഥികളും ഉന്നയിച്ചിട്ടുള്ള വിദ്യാഭ്യാസ സൗകര്യം മെച്ച

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തുന്നതിനുള്ള നടപടികൾ, സ്വീകരിക്കുന്നതിനും, വിദ്യാർത്ഥികളുടെ സമരപരിപാടികൾ ഒഴിവാക്കുന്നതിനും വേണ്ടതു ചെയ്യാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കരുണാകരൻ: വിദ്യാർത്ഥികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സംസാരിക്കുവാൻ ഗവൺമെന്റിന് സന്തോഷമേയുള്ളു. അവർ സമരം പിൻവലിക്കാൻ തയ്യാറാണെങ്കിൽ ഗവൺമെന്റ് അതിന് സന്നദ്ധമാണ്.

ശ്രീ. കെ. ജി. ആർ. കർത്താ: അലോപ്പതി വിദ്യാഭ്യാസത്തെ നിയന്ത്രിക്കാൻ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ഉള്ളതുപോലെ ആയുർവേദ വിദ്യാഭ്യാസത്തെ നിയന്ത്രിക്കാൻ ഡയറക്ടറേറ്റ് ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ആയുർവേദ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനാവശ്യമായ സ്ഥാപനങ്ങൾ ഇപ്പോൾ കുറവാണ്. എങ്കിലും അതേക്കുറിച്ച് പരിശോധിക്കാം.

Dr. A. Subba Rao: Now that the Government has allowed private sector to start Ayurvedic Medical Colleges, Will the Government also consider allowing private management to start allopathic colleges also?

ശ്രീ. കെ. കരുണാകരൻ: അലോപ്പതി കോളേജുകൾ സ്വകാര്യ മേഖലയിൽ അനുവദിക്കുന്നതിന് ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ഇ. പത്മനാഭൻ: ഷൊർണ്ണൂർ ആയുർവേദ സമാജം കോളേജ് ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടില്ലെന്നു പറഞ്ഞു. നിവേദനം കൊടുത്തയാൾ ഞാനാണ്. അവിടുത്തെ ജീവനക്കാരുടെ സംഘടനകളുടെ മാനേജിംഗ് കമ്മിറ്റി പാസ്സാക്കിയ പ്രമേയത്തിന്റെ കോപ്പിയും അയച്ചുതന്നു. ഇവിടെ ആരോഗ്യ വകുപ്പുമന്ത്രിയുടെ ലാവണത്തിൽ സാധാരണ ആളില്ലാത്തതുകൊണ്ട് ആ ഫയൽ എന്തു ചെയ്തു എന്നറിയില്ല. അതു പരിശോധിക്കണം. എങ്കിലും ഡിപ്ലോമാ കോഴ്സ് നിറുത്തി എത്രകാലം അവിടെ വിദ്യാഭ്യാസമില്ലാതെ കിടന്നു? ഇപ്പോൾ എങ്ങനെയാണ് അന്നില്ലാതിരുന്ന സൗകര്യം ഉണ്ടെന്നു പറഞ്ഞ് ഡിഗ്രി കോഴ്സ് അനുവദിക്കാൻ ഇടയായത് എന്ന് വ്യക്തമാക്കാമോ? എന്നാണ് ഡിഗ്രികോഴ്സ് നിറുത്തലാക്കിയത്? എത്രകാലം വെറുതെ കിടന്നു?

ശ്രീ. കെ. കരുണാകരൻ: നിറുത്തലാക്കി എന്നുള്ളതല്ലാതെ നിറുത്തലാക്കിയ ഡേറ്റ് എന്റെ കൈവശം ഇപ്പോൾ ഇല്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: തിരുവിതാംകൂർ പ്രദേശത്ത് രാജാക്കൻമാർ പോലും സ്വകാര്യ മേഖലയിൽ ആയുർവേദ കോളേജ് തുടങ്ങിയിട്ടില്ല. തിരുവനന്തപുരത്തും തൃശ്ശൂരും, ഗവൺമെന്റാണ് തുടങ്ങിയത്. കോഴിക്കോട് സർവ്വകലാശാലയിൽ ഗവൺമെന്റ് കോളേജ് ഇല്ല. ഒല്ലൂരും കോട്ടയ്ക്കലും ഷൊർണ്ണൂരും ഉള്ള മൂന്നു ആയുർവേദ കോളേജുകളും സ്വകാര്യ മേഖലയിലാണ്. അവരെ ഡിഗ്രി കോഴ്സ് പഠിപ്പിക്കാൻ ഡിപ്ലോമാക്കാരാണുള്ളത്. അവർക്ക് ആവശ്യമായ പ്രായോഗിക പരിശീലനങ്ങൾക്ക് അവിടെ സൗകര്യമില്ലെങ്കിൽ പഠിക്കുന്ന കുട്ടികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

പഠിക്കാനുള്ള സൗകര്യമുണ്ടാക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഈ മൂന്നു സ്വകാര്യ സ്ഥാപനങ്ങളും ഗവൺമെന്റ് ഏറെടുത്ത് ആവശ്യമായ ചികിൽസാ സൗകര്യങ്ങൾകൂടി കോളേജിനോട് അനുബന്ധിച്ച് തുടങ്ങാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കരുണാകരൻ: രാജാക്കൻമാരുടെ കാലത്ത് കോളേജുകൾ തുടങ്ങാതിരുന്നത് അന്ന് പ്രമുഖരായ വൈദ്യൻമാരുടെ കീഴിൽ പഠിച്ചാൽ പ്രാക്ടീസ് ചെയ്യാൻ തടസ്സമുണ്ടായിരുന്നില്ല എന്നുള്ളതാണ്. ഇന്ന് അതിനെ സംബന്ധിച്ച യോഗ്യത നിശ്ചയിക്കുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്തതിനെത്തുടർന്നാണ് അംഗീകൃത വിദ്യാലയങ്ങളിൽ പഠിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ്: തിരുവിതാംകൂർ രാജാക്കൻമാരുടെ കാലത്ത് തുടങ്ങിയ രണ്ടു കോളേജുകളാണ് ഇപ്പോഴും ഗവൺമെന്റ് കോളേജുകൾ. പക്ഷേ രണ്ടു കോളേജുകളുടെ കാര്യത്തിലും ഈ ഗവൺമെന്റ് മറിച്ചു പോകുന്നു; രാജാക്കൻമാരേക്കാൾ പിന്തിരിപ്പൻമാരാകുന്നു. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ: ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിരുന്നുവെങ്കിൽ ഇതു പറയുകയില്ലായിരുന്നു. കാരണം അന്ന് സ്വകാര്യമേഖലയിൽ കോളേജുകൾ തുടങ്ങേണ്ട ആവശ്യമുണ്ടായിരുന്നില്ല. വൈദ്യൻമാരുടെ കീഴിൽ പഠിച്ചാൽ സൗകര്യമായി പരിശീലനവും നടത്താമായിരുന്നു. ഇന്നു ഡിഗ്രി കോഴ്സുകൾക്കു അംഗീകാരമുള്ളതുകൊണ്ട് ഗവൺമെന്റ് ആശുപത്രികളിൽ നിയമിക്കുന്നത് ഡിഗ്രി ഹോൾഡേഴ്സിനെയാണ്. പഴയ കാലത്ത് അതിന്റെ ആവശ്യമില്ലായിരുന്നു. പഠിച്ചു മിടുക്കൻമാരായാൽ അവരുടെ മിടുക്കുകൊണ്ട് ചികിൽസിക്കാൻ കഴിയുമായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഷൊർണ്ണൂർ ആയുർവ്വേദ കോളേജിൽ ഡിഗ്രി കോഴ്സ് കൊടുത്തത് എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചത്. യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ നയമാണോ അത്? യൂണിവേഴ്സിറ്റി പറയുന്ന സ്ഥലത്ത് സ്വകാര്യ മേഖലയിൽ കോളേജുകൾ കൊടുക്കുമോ? ഇതിനെതിരെ കേരളത്തിലെ ആയുർവ്വേദ വിദ്യാർത്ഥികൾ നടത്തുന്ന സമരം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. കെ. കരുണാകരൻ: യൂണിവേഴ്സിറ്റി ശുപാർശ ചെയ്യുന്ന എല്ലാ സ്ഥലത്തും അനുവദിക്കുകയില്ല. സാമ്പത്തികമായ സ്ഥിതിയും അതുപോലെതന്നെ സ്ഥാപനം ആരംഭിച്ചു കഴിഞ്ഞാൽ അതു നടത്തുന്നതിനുള്ള സംവിധാനങ്ങളും ഉണ്ടെന്നു ബോദ്ധ്യമായാൽ മാത്രമേ അനുവദിക്കൂ.

ശ്രീ. വി. സി. കബീർ: ഷൊർണ്ണൂർ ആയുർവ്വേദ കോളേജിൽ അനുവദിച്ച ബി. എ. എം. എസ്. കോഴ്സിനു അനുവാദം കൊടുത്തത് പതിനഞ്ചു ശതമാനം വിദ്യാർത്ഥികളെ സെലക്ട് ചെയ്യുന്നതിനു മാനേജ്മെന്റിനു അനുവാദം കൊടുത്തുകൊണ്ടാണ്. ആ പതിനഞ്ചു ശതമാനം വിദ്യാർത്ഥികളെയും സെലക്ട് ചെയ്യുമ്പോൾ ഒരു വിദ്യാർത്ഥിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഇരുപതിനായിരം രൂപ എന്ന കണക്കിൽ കോഴ വാങ്ങുന്നതായി പരാതി വന്നിട്ടുണ്ട്. ഇതേക്കുറിച്ച് വ്യക്തമായ പരാതി തന്നാൽ ആ കോളജിന്റെ അംഗീകാരം പിൻവലിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: കോഴ വാങ്ങിച്ചതായി ബഹുമാനപ്പെട്ട മെമ്പർ പരാതി തന്നാൽ അതു പരിശോധിച്ചശേഷം ശരിയാണെന്നു കണ്ടാൽ ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. പി. ഭാസ്കരൻ: വർഷങ്ങൾക്ക് മുൻപ് കണ്ണൂരിൽ സഹകരണ മേഖലയിൽ ഒരു ആയുർവ്വേദ കോളേജും ആശുപത്രിയും ഉണ്ടായിരുന്നു. അത് സർക്കാരിന് വിട്ടുകൊടുക്കുകയാണ് ചെയ്തത്. ഇപ്പോൾ ആശുപത്രി മാത്രമാണ് നടക്കുന്നത്. ആശുപത്രിയോടനുബന്ധിച്ച് വീണ്ടും ആയുർവ്വേദ കോളേജ് ആരംഭിക്കുന്നതിന് സൻമനസ്സ് കാണിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അതു പരിശോധിക്കാം.

പ്രകൃതിക്ഷോഭക്കെടുതികൾക്കുള്ള കേന്ദ്രസഹായം

* 3 [3] ശ്രീ. വി. കേശവൻ:
,, സി. കെ. ചക്രപാണി:
,, കെ. പി. അരവിന്ദാക്ഷൻ:
,, എം. ജിനദേവൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പ്രകൃതിക്ഷോഭക്കെടുതികളെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ നികത്തുന്നതിന് എത്ര കോടി രൂപയുടെ കേന്ദ്രസഹായമാണ് കേരളത്തിന് ലഭിക്കുക;

(ബി) കേരളം ആവശ്യപ്പെട്ടിരുന്ന തുകയെത്ര;

(സി) നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുന്നതിന് കേരളം സന്ദർശിച്ച വിദഗ്ദ്ധസമിതി ശുപാർശ ചെയ്തത് എത്രകോടി രൂപയുടെ ധനസഹായം നൽകാനാണ്;

(ഡി) കേന്ദ്രസഹായം ഗ്രാന്റ് ആയാണോ അതോ ലോണായാണോ ലഭിക്കുക;

(ഇ) കേന്ദ്രം അനുവദിച്ച തുക നാശനഷ്ടങ്ങൾ നികത്താൻ പര്യാപ്തമാണോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): (എ) ഈ വർഷത്തെ വെള്ളപ്പൊക്കംമൂലമുണ്ടായ നാശനഷ്ടം നികത്തുന്നതിന് മൊത്തം 134.79 കോടി രൂപയുടെ കേന്ദ്രസഹായം അനുവദിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്.

(ബി) 743.36 കോടി രൂപയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിരുന്നത്.

(സി) കേന്ദ്ര വിദഗ്ദ്ധ സമിതിയുടെ ശുപാർശ സംസ്ഥാന സർക്കാരിനെ അറിയിക്കാറില്ല. അതിനാൽ വിദഗ്ദ്ധ സമിതിയുടെ ശുപാർശ എന്താണെന്ന് അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly